**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 300** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഡബിൾ ഡക്കർ ബസ്സ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ഡബിൾ ഡക്കർ ബസ്സ് സർവ്വീസ് എവിടെയെല്ലാമാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ഡബിൾ ഡെക്കർ ബസ് തിരുവനന്തപുരം, മൂന്നാർ എന്നീ സ്ഥലങ്ങളിൽ സൈറ്റ് സീയിംഗ് സർവീസ് നടത്തി വരുന്നുണ്ട്. കൂടാതെ മുൻപ് തലശ്ശേരി യൂണിറ്റിൽ ഒരു ഡബിൾ ഡക്കർ ബസ് സ്പെഷ്യൽ സർവ്വീസ് ആയി ഏതാനും മാസങ്ങൾ ഓപ്പറേറ്റ് ചെയ്തിരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യിൽ ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡീസൽ ഡബിൾ ഡെക്കർ ബസ് യാത്രക്കാർക്ക് നഗരക്കാഴ്ചകൾ ആസ്വദിക്കുന്നതിനായി സർവീസ് ആരംഭിച്ചിരുന്നു. ദിവസേന വൈകുന്നേരം 5 മണി മുതൽ 9.30 വരെ നീളുന്ന ഒരു ട്രിപ്പായി സൈറ്റ് സീയിംഗ് ക്രമീകരിച്ചിരുന്നു. തുടർന്ന് 2024 ഫെബ്രുവരിയിൽ സ്മാർട്ട് സിറ്റിയുടെ ഭാഗമായി രണ്ടു ഇലക്ട്രിക് ഡബിൾ ഡെക്കർ ബസുകൾ തിരുവനന്തപുരം നഗരക്കാഴ്ചകൾക്കായി ഉപയോഗിക്കുവാൻ തുടങ്ങി. 3.00 P.M. മണി മുതൽ 10.00 P.M. മണി വരെ ആയി 2 മണിക്കൂർ വീതം ദൈർഘ്യമുള്ള ആകെ 8 ട്രിപ്പുകളാണ് ദിവസേന നടത്തിവരുന്നത്. ഇലക്ട്രിക് ബസുകൾ സർവീസ് ആരംഭിച്ചപ്പോൾ സർവീസ് നടത്തിയിരുന്ന ഡീസൽ ഡബിൾ ഡെക്കർ ബസ് തലശ്ശേരി യൂണിറ്റിലേക്ക് സ്പെഷ്യൽ സർവീസിനായി ഏതാനും മാസം നൽകുകയും തുടർന്ന് ഇപ്പോൾ എറണാകുളം യൂണിറ്റിലേക്ക് സ്പെഷ്യൽ സർവീസ് നടത്തുന്നതിലേക്ക് മെയിന്റനൻസിനായി നൽകിയിരിക്കുകയുമാണ്.<br><br>2025 ഫെബ്രുവരി മുതൽ മൂന്നാർ സൈറ്റ് സീയിംഗിനായി ഡബിൾ ഡെക്കർ ബസ് 'റോയൽ വ്യൂ' എന്ന പേരിൽ സർവീസ് ആരംഭിച്ചു. മൂന്നാറിന്റെ |

| | | | |
|---|---|---|---|
| | | | മനോഹാരിത പൂർണമായും ആസ്വദിക്കുവാൻ സാധിക്കും വിധത്തിൽ രൂപകൽപ്പന നിർവഹിച്ചിട്ടുള്ള പ്രസ്തുത ബസിൽ യാത്ര ചെയ്യുന്നവർക്ക് 360 ഡിഗ്രീയിൽ പ്രകൃതി ഭംഗി ആസ്വദിയ്ക്കുവാൻ സാധിക്കും എന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത. ഇക്കാര്യം കൊണ്ട് തന്നെ പ്രസ്തുത സർവീസ് ചുരുങ്ങിയ സമയം കൊണ്ട് തന്നെ ജനപ്രീതിയാർജിയ്ക്കുകയും അന്യസംസ്ഥാന സഞ്ചാരികൾക്കുൾപ്പെടെ പ്രിയങ്കരമായി മാറുകയും ചെയ്തു. ശരാശരി 235 രൂപയിലധികം പ്രതി കി.മീ. വരുമാനം ലഭ്യമാകുന്നതിനാൽ തന്നെ സമാന ശ്രേണിയിലുള്ള കൂടുതൽ ബസുകൾ ലഭ്യമാക്കുന്നതിലേക്കായി മൂന്നാറിൽ നിന്നും കേരളത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്നും ആവശ്യമുയർന്നിട്ടുണ്ട്.<br><br>നിലവിൽ സർവീസ് നടത്തുന്ന തിരുവനന്തപുരം, മൂന്നാർ ഡബിൾ ഡെക്കർ ബസുകളുടെ റൂട്ട് ചുവടെ ചേർക്കുന്നു;<br><br>1. തിരുവനന്തപുരം ബസ് റൂട്ട് : കിഴക്കേകോട്ട - സെക്രട്ടേറിയറ്റ് - നിയമസഭാമന്ദിരം - കനകക്കുന്ന് - വെള്ളയമ്പലം - രാജ് ഭവൻ - കവടിയാർ - ശംഖുമുഖം - ലുലുമാൾ - കിഴക്കേകോട്ട.<br>2. മൂന്നാർ ബസ് റൂട്ട് : മൂന്നാർ - ദേവികുളം - പെരിയകനാൽ - ആനയിറങ്ങൾ ഡാം. |
| (ബി) | ബസ്സുകളിൽ രൂപമാറ്റം വരുത്തി ഡബിൾ ഡക്കർ ബസ്സുകളിൽ പൊതുജനങ്ങളെ കയറ്റി സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയത് മോട്ടോർ വാഹന ചട്ടത്തിലെ ഏത് വകുപ്പ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 1989-ലെ കേരള മോട്ടാർ വാഹന ചട്ടങ്ങളിലെ ചട്ടം 334 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ചുകൊണ്ട് അനുമതി ലഭിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംരക്ഷണ കവചവും മേൽമൂടിയുമില്ലാതെ ഡബിൾ ഡക്കർ ബസ്സുകളിൽ കുട്ടികൾ ഉൾപ്പെടെയുള്ളവർ ഉല്ലാസയാത്ര ചെയ്യുമ്പോൾ വാഹനത്തിനോ യാത്രക്കാർക്കോ അപകടമുണ്ടായാൽ രൂപമാറ്റം വരുത്തി പൊതുനിരത്തിൽ വാഹനം ഓടിക്കാൻ അനുവാദം നൽകിയ ഉദ്യോഗസ്ഥനിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | സർക്കാരിന്റെ പ്രത്യേക അനുമതിയോടെ ഒരു പഴയ ഡബിൾ ഡക്കർ ബസ്സ് ഓപ്പൺ ഡബിൾ ഡക്കറായി രൂപ മാറ്റം വരുത്തി ഉല്ലാസ യാത്രകൾക്കായി ഉപയോഗിച്ചിരുന്നു. ടി വാഹനത്തിന്റെ മുകൾ നിലയിൽ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് യാത്ര ചെയ്യുന്നതിന് മതിയായ സംരക്ഷണ കവചം (side rails) ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, സീറ്റിംഗ് കപ്പാസിറ്റി യാത്രക്കാരെ മാത്രമാണ് യാത്ര ചെയ്യുന്നതിനായി അനുവദിക്കുന്നത്. ആയതിന് സർക്കാർ അനുമതിയും ലഭിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരത്ത് സർവ്വീസിന് ഉപയോഗിക്കുന്ന പുതുതായി വാങ്ങിയ ഇലക്ട്രിക് ഡബിൾ ഡക്കർ ബസ്സിന്റെ മുകൾ നിലയിലെ സംവിധാനങ്ങൾ |

| | | | |
|---|---|---|---|
| | | | ആണ് കെ.എസ്.ആർ.ടി.സി. രൂപമാറ്റം വരുത്തിയ ബസ്സിനും ഏർപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | ടൂറിസം മേഖലയിൽ സ്വകാര്യ വ്യക്തികൾക്കും ടൂർ ഓപ്പറേറ്റർമാർക്കും ഇപ്രകാരം വാഹനങ്ങൾ രൂപമാറ്റം വരുത്തി ടൂർ ഓപ്പറേറ്റ് ചെയ്യാൻ അനുവാദം നൽകാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

ഗതാഗത വകുപ്പ്-കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള ഡബിൾ ഡെക്കർ ബസ്സുകൾ ഓപ്പൺ ഡബിൾ ഡെക്കർ ആക്കി രൂപമാറ്റം വരുത്തിയതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.114/2023/TRANS തീയതി,തിരുവനന്തപുരം, 18-03-2023

---

പരാമർശം:- 1) കെ.എസ്.ആർ.ടി.സി, സി.എം.ഡിയുടെ 21/04/2022-ലെ എംഎൽ3/003740/2022 നമ്പർ കത്ത്.

2) കെ.എസ്.ആർ.ടി.സി, സി.എം.ഡിയുടെ 14/10/2022-ലെ എംഎൽ3/003740/2022 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരത്തിലേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുവാനും വൻനഗരങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ളതുപോലെ സഞ്ചാരികൾക്ക് നഗര കാഴ്ചകൾ ആസ്വദിക്കുവാൻ അവസരമൊരുക്കുന്നതിന് ഓപ്പൺ ഡബിൾ ഡക്കർ സർവീസ് പരീക്ഷണാർത്ഥം വിനോദ സഞ്ചാര വകുപ്പിന്റെ സഹകരണത്തോടെ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള KL-15-587 നമ്പർ ഡബിൾ ഡെക്കർ. ഓപ്പൺ ഡബിൾ ഡെക്കർ ആക്കി മാറ്റി കെ.എസ്.ആർ.ടി.സി സർവീസ് നടത്തി വരുന്നുണ്ടെന്നും ഡബിൾ ഡക്കർ ബസ്സിന്റെ മുകളിലത്തെ മേൽക്കൂര ഒഴിവാക്കിയതും, സീറ്റുകളുടെ എണ്ണം കുറച്ചും ടി ബസ്സിൽ വരുത്തിയ മാറ്റങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് നൽകണമെന്നും പരാമർശം (1) കത്ത് പ്രകാരം സി.എം.ഡി, കെ.എസ്.ആർ.ടി.സി അഭ്യർത്ഥിച്ചിരുന്നു.

കൂടാതെ, തിരുവനന്തപുരത്ത് വിനോദ സഞ്ചാരികൾക്കായി സർവീസ് നടത്തുന്ന ഓപ്പൺ ഡബിൾ ഡെക്കർ പൊതു ജനങ്ങൾക്ക് നഗരക്കാഴ്ചകൾ കാണാനായി വളരെ പ്രയോജനമാണ് എന്നും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ എറണാകുളത്ത് സർവീസ് നടത്തിവരുന്ന KL-15-9051 നമ്പർ ഡബിൾ ഡെക്കർ ബസ്സും മേൽ പ്രകാരം രൂപമാറ്റം വരുത്തുന്നതിനുള്ള അനുമതിക്കായി പരാമർശം (2) കത്ത് പ്രകാരം സി.എം.ഡി, കെ.എസ്.ആർ.ടി.സി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. യാത്രക്കാരെ പ്രതികൂല കാലാവസ്ഥയിൽ നിന്നും സംരക്ഷിക്കുന്നതിനായി ഒരു 'റീട്രാക്ടബിൾ റൂഫ്' ഘടിപ്പിക്കണമെന്ന നിബന്ധനയോടെയും, യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷയ്ക്ക് യാതൊരു ഭംഗവും വരാത്ത രീതിയിൽ സർവീസ് നടത്തുമെന്നുറപ്പാക്കേണ്ടത് കെ.എസ്.ആർ.ടി.സി മാനേജ്മെന്റിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായും, 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 334 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം

വിനിയോഗിച്ച കെ.എസ്.ആർ.ടി.സിയുടെ KL-15-587 നമ്പർ ഡബൾ ഡെക്കർ ബസ് ഓപ്പൺ ഡബിൾ ഡെക്കർ ആക്കി മാറ്റിയ നടപടി അംഗീകരിച്ചും, KL-15-9051 നമ്പർ ബസ്സിന് മേൽ പ്രകാരം രൂപമാറ്റം വരുത്തുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല എം

ജോയിന്റ് സെക്രട്ടറി

സി.എം.ഡി, കെ.എസ്.ആർ.ടി.സി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ് )

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Ratheesh R
Date: 21-03-2023 17:19:45

സെക്ഷൻ ഓഫീസർ